LIBRARY ARCHIVES Kerala Legislative Assembly

നദികളിലേയ്ക്ക് വിഷ വസ്തുക്കൾ തള്ളിവിടുന്നത് സംബന്ധിച്ച്

51 (2149) ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വരന്തരപ്പിള്ളി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് മുപ്ലി റബ്ബർ എസ്റ്റേറ്റിലെ കള കീടനാശിനി പ്രയോഗംമൂലം കുറുമാലി പുഴയിലെ ജലം മലിനപ്പെട്ടതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നദികളിലെ ജലം ഇത്തരത്തിൽ മലിനപ്പെടുന്നത് പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരത്തിൽ നദികളിലേക്ക് വിഷ വസ്തുക്കൾ തള്ളിവിടുന്ന സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) കുറുമാലിപ്പുഴയിൽ നിന്നും വെള്ളത്തിന്റെ സാമ്പിൾ പരിശോധനക്കായി ശേഖരിച്ചിട്ടുണ്ട്.

(സി) കീടനാശിനികൾ തളിക്കുന്നത്മൂലം ജലസ്രോതസ്സുകൾ മലിനപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ ഇതിന്റെ കാരണക്കാർക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

വലിയപറമ്പ് നടപ്പാലം നിർമ്മാണം

52 (2150) ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ് ദ്വീപിനെ രാമന്തളി പഞ്ചായത്തുമായി ബന്ധിപ്പിച്ച് നിർമ്മിക്കാൻ തീരുമാനിച്ച നടപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ ?

ഉത്തരം

പ്രസ്തുത പവൃത്തിയുടെ സാദ്ധ്യതാ പഠനം നടന്നുവരികയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ഇറിഗേഷൻ സുപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് മലപ്പുറം ആസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്നതിന് നടപടി

53 (2151) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :